റോഡ് വികസന പദ്ധതി

24 (*264) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എം. ഹംസ :

ശ്രീ. കെ. നാരായണൻ :

ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡ് വികസന പദ്ധതിയിൻ കീഴിൽ റോഡുകളുടെ പുനരുദ്ധാരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എത്ര കിലോമീറ്റർ റോഡാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ഏതെല്ലാം ;

(സി) ഇവ സ്വകാര്യ പങ്കാളിത്തത്തോടെ നടത്താനാണോ ഉദ്ദേശിക്കുന്നത് ; എങ്കിൽ സർക്കാർ വിഹിതം എത്ര ശതമാനമാണ് ;

(ഡി) ഇത്തരത്തിൽ പുനരുദ്ധരിക്കുന്ന റോഡുകളുടെ ഉപയോഗത്തിന് ടോൾ നൽകേണ്ടി വരുമോ ;

(ഇ) ഇത്തരത്തിൽ ടോൾ ഏർപ്പെടുത്തിയവരിൽ യാതൊരു നിയന്ത്രണവും ഇല്ലാതെ കാലങ്ങളോളം ടോൾ പിരിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ സാഹചര്യത്തിൽ പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള നയം തിരുത്താൻ തയ്യാറാകുമോ ;

(ജി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തിക്കൊണ്ട് ജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത തുക റോഡ് വികസനത്തിനായി ചെലവഴിച്ചിട്ടുണ്ടോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏകദേശം 1090 കി.മി. റോഡുകളാണ് ഈ പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മൊത്തത്തിൽ 106.20 കി.മീ നീളം വരുന്ന അഞ്ച് റോഡുകൾ സ്വകാര്യ പങ്കാളിത്തത്തോടെ, ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പി.പി.പി/ആന്യൂറ്റി രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് പദ്ധതിയുടെ അടങ്കൽ തുകയുടെ 20 ശതമാനം നിർമ്മാണ കാലയളവിൽ Upfront payment ആയി നൽകുന്നതാണ്. കൂടാതെ ആന്യൂറ്റി ആയി നൽകേണ്ട തുക 26 അർദ്ധവാർഷിക ആന്യൂറ്റികളായി 13 വർഷംകൊണ്ട് "കൺസഷനയർ" ക്ക് നൽകുന്നതാണ്.

(ഡി) ഇല്ല.

(ഇ&എഫ്) ബാധകമല്ല.

(ജി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ മെഗാ ഇൻഫ്രാസ്ട്രക്ച്ചർ പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡ്വഴി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കുകയുണ്ടായി. പ്രസ്തുത ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി (DFIP) നടപ്പിലാക്കുന്നതിന് ബജറ്റിൽ പ്രഖ്യാപിച്ച ഇന്ധന അധിക വിൽപ്പന നികുതിയുടെ (ലിറ്ററിന് 1 രൂപാ നിരക്കിൽ ഏർപ്പെടുത്തിയത്) 50 ശതമാനം തുക റോഡ് ഫണ്ട് ബോർഡിന് കൈമാറുന്നതിന് സ.(കൈ)നം.112/15/TD തീയതി 30-6-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

സർവ്വകലാശാല നടത്തിയ ശിൽപ്പശാല

25 (*265) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് പഠനം വ്യാവസായിക വികസനത്തിന് കൂടുതൽ ഉപയുക്തമാക്കുന്നതിനുദ്ദേശിച്ച് വ്യവസായ പ്രമുഖരുമായി സർവ്വകലാശാല നടത്തിയ ശില്പശാലയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly